LIBRARY ARCHIVES Kerala Legislative Assembly

അനൗപചാരിക മേഖലയിലെ കണ്ടുപിടുത്തങ്ങൾക്കുള്ള ഗ്രേഡ്

82 [5817] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-11-2001-ലെ നക്ഷത്രചിഹ്നമിടാത്ത 2379 നമ്പർ ചോദ്യത്തിനുള്ള ഉത്തരത്തിൽ സാങ്കേതിക വിദ്യാ ദിനാചരണത്തിനോടനുബന്ധിച്ച് അനൗപചാരിക മേഖലയിലെ കണ്ടുപിടുത്തങ്ങൾ അവതരിപ്പിക്കാനായി ലഭിച്ച അപേക്ഷകളിൽ നിന്നും തെരഞ്ഞെടുത്ത 13 ഇനങ്ങളിൽ ഒന്നും അവാർഡിന് നിശ്ചയിച്ചിരുന്ന ഗ്രേഡ് ലഭിക്കാത്തവയായിരുന്നുവെന്ന് അറിയിച്ചിരുന്നോ;

(ബി) എങ്കിൽ അവാർഡിന് നിശ്ചയിച്ചിരുന്ന ഗ്രേഡ് ഏതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഗ്രേഡ് നിശ്ചയിച്ചത് ഏതു കമ്മിറ്റിയാണ്;

(ഡി) ഈ കമ്മിറ്റിയിൽ ആരെല്ലാം അംഗങ്ങളായിരുന്നു;

(ഇ) ഗ്രേഡ് നിശ്ചയിക്കുന്നതിനായി കമ്മിറ്റി ഏതു തീയതിയിലാണ് യോഗം ചേർന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത യോഗതീരുമാനത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) എസ്.ടി.ഇ.സി. പരിശോധിച്ച കണ്ടുപിടുത്തങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് ലഭിച്ചത് ഏതു കണ്ടുപിടുത്തത്തിനാണ്;

(എച്ച്) പ്രസ്തുത കണ്ടുപിടുത്തം നടത്തിയ വ്യക്തിയാരാണെന്ന് വെളിപ്പെടുത്തുമോ;

(ഐ) മേന്മ നിശ്ചയിച്ച കമ്മിറ്റിയിൽ ആരെല്ലാം അംഗങ്ങളായിരുന്നു;

(ജെ) ഇവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ മിനിറ്റ്സിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(കെ) ഏറ്റവും മേന്മയുള്ള കണ്ടുപിടുത്തത്തിന്റെ ഉടമയ്ക്ക് ഏതെങ്കിലും തരത്തിലുള്ള അവാർഡ് നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(എൽ) ഇല്ലെങ്കിൽ ഏറ്റവും കൂടുതൽ പോയിന്റ്/ഗ്രേഡ് ലഭിച്ച കണ്ടുപിടുത്തക്കാരനെ ആദരിക്കുവാനും അവാർഡ് നൽകുവാനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) അറിയിച്ചിരുന്നു.

(ബി—എഫ്) ഗ്രേഡ് നിശ്ചയിക്കുന്നതിനായി പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നില്ല. എന്നാൽ 90% മാർക്കാണ് ഗ്രേഡ് ആയി തീരുമാനിച്ചിരുന്നത്.

(ജി) ഹാങ്ങിങ്ങ് ലാഡർ.

(എച്ച്) ശ്രീ. കുര്യൻ ജോർജ്ജ്, ഹൗസ് നമ്പർ പി. എം. സി. 111/135 ബി, ചെമ്മന്തൂർ, പുനലൂർ, കൊല്ലം ജില്ല.

(ഐ) മേന്മ നിശ്ചയിച്ച കമ്മിറ്റിയിലെ അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

(ജെ) അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ മിനിറ്റ്സിന്റെ കോപ്പി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ††

(കെ) അവാർഡ് നൽകുന്നതിനായി നിശ്ചയിച്ചിരുന്ന 90% മാർക്ക് ആർക്കും ലഭിക്കാതിരുന്നതിനാൽ അവാർഡ് ആർക്കും നൽകുകയുണ്ടായില്ല.

(എൽ) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

എം. ജി. പി. നിർദ്ദേശങ്ങൾ

83 [5818] ശ്രീ. പി. എസ്. സുപാൽ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പ്രത്യേക പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് കൺസൾട്ടൻസി ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ; ഇതിൽ വിദേശ കൺസൾട്ടൻസികൾ ഏതെല്ലാം;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾക്കുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) എം. ജി. പി. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും കൺസൾട്ടൻസി ഏജൻസിയുടെ സഹകരണം ഗവൺമെന്റ് തേടുന്നുണ്ടോ; എങ്കിൽ ആ ഏജൻസിയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിന് കൺസൾട്ടൻസി ഏജൻസികളുടെ സഹകരണം സർക്കാർ തേടുന്നില്ല. എന്നാൽ പ്രസ്തുത പരിപാടിക്ക് ആവശ്യമായ വിദഗ്ദ്ധൻമാരെ ലഭ്യമാക്കുന്നതിന് ഒരു കൺസൾട്ടൻസിയെ നിയമിക്കാനുള്ള ധനസഹായം ഡച്ച് ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിൽ അന്തിമ തീരുമാനം ആയിട്ടില്ല.

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly